# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 169**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

വർദ്ധിച്ചുവരുന്ന പരിസ്ഥിതി ആഘാതങ്ങളുടെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ എല്ലാവരും കൂടുതൽ കാര്യവിചാരകത്വ ബോധത്തിലേക്കും പരിസ്ഥിതിസൗഹൃദ ജീവിതശൈലിയിലേക്കും തിരിയേണ്ടത് ഈ കാലഘട്ടത്തിന്റെ അടിയന്തിര ആവശ്യമായിരിക്കുന്നു. നമ്മുടെ അനുദിനജീവിതത്തിൽ നാം ഉപയോഗിക്കുന്ന പല വസ്തുക്കളും പരിസ്ഥിതിക്ക് ആഘാതമേല്പിക്കുന്നവയും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്നവയുമാണ്.

പരിസ്ഥിതി സൗഹാർദ ജീവിതശൈലിക്ക് സഹായകരമായി പേപ്പർ കപ്പുകളുടെ നിരോധനം കേരള നിയമസഭ പാസാക്കിയത് മാതൃകാപരമായ തീരുമാനമാണ്. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ എല്ലാ ഇടവകകളിലും സഭാ സ്ഥാപനങ്ങളിലും പരിസ്ഥിതി സൗഹൃദ ജീവിതശൈലിയും പ്ലാസ്റ്റിക് രഹിത വസ്തുക്കളുടെ ദൈനംദിന ഉപയോഗവും പ്രോത്സാഹിപ്പിക്കേണ്ടതും ജീവിതചര്യയാക്കി മാറ്റേണ്ടതും വളരെ അത്യന്താപേക്ഷിതമാണ്. വിവാഹ സൽക്കാരങ്ങളിലും മറ്റ് ആഘോഷ പരിപാടികളിലും പ്ലാസ്റ്റിക് അടങ്ങിയ പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ തുടങ്ങിയവ ഉപയോഗിക്കുന്നത് നിയമ വിരുദ്ധമകയാൽ അവ പൂർണ്ണമായും ഒഴിവാക്കി കുപ്പി ഗ്ലാസുകൾ, സ്റ്റീൽ ഗ്ലാസുകൾ, സ്റ്റീൽ പ്ലേറ്റുകൾ എന്നിങ്ങനെ പുനരുപയോഗിക്കാവുന്ന സാധനങ്ങൾ തിരഞ്ഞെടുക്കുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം.

മാർത്തോമ്മാ സഭാ പരിസ്ഥിതി കമ്മീഷൻ ആഹ്വാനം ചെയ്തിരിക്കുന്ന പരിസ്ഥിതി സൗഹാർദ ക്രിസ്മസ് ആഘോഷങ്ങൾ എല്ലാ ഇടവകയിലും സ്ഥാപനങ്ങളിലും പാലിക്കുവാനും ശ്രദ്ധിക്കണം. നമ്മുടെ ആഘോഷ പരിപാടികളിൽ പൂർണമായും ജൈവവിഘടിത വസ്തുക്കൾ മാത്രം അലങ്കാരങ്ങൾക്കും മറ്റു ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതാണ്. പ്ലാസ്റ്റിക് ആവരണം ചെയ്ത ബൊക്കെകൾ, പ്ലാസ്റ്റിക് കലർന്ന വസ്തുക്കളിൽ ആലേഖനം ചെയ്യുന്ന ഫ്ളക്സ് ബോർഡുകൾ തുടങ്ങിയവയും നമ്മുടെ ആഘോഷങ്ങളിൽ നിന്ന് ഒഴിവാക്കാം. നമ്മുടെ ഇടവകളിലും സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടെങ്കിൽ അത് പരിസരങ്ങളിൽ വലിച്ചെറിയാതെ അവ സ്വീകരിച്ച് സംസ്ക്കരിക്കുന്ന സർക്കാർ ഏജൻസികളെ ഏൽപ്പിക്കുകയോ റീസൈക്കിൾ ചെയ്യുന്നതിനായി നൽകുകയോ ചെയ്യണം.

അതുപോലെ ലഹരി വസ്തുക്കളുടെ ലഭ്യതയും ഉപയോഗവും ഭയാനകമാംവിധം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സഭ ഒന്നടങ്കം ലഹരി ആസക്തി എന്ന തിന്മയ്ക്കെതിരെ പോരാടുവാൻ സമർപ്പിതരാകണം. നമ്മുടെ സഭാംഗങ്ങൾ, ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാണ്.

ഇത്തരത്തിൽ ദൈവത്തോടും സഹജരോടും പ്രകൃതിയോടുമുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെ കാര്യവിചാരക ബോധത്തിൽ നമുക്ക് നിറവേറ്റാം.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2025 നവംബർ മാസം 11-ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 169**

*Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.*

Dearly beloved in Christ,

In the context of increasing environmental degradation and the growing impacts of climate change, it is imperative in our time that we cultivate a deeper sense of stewardship and adopts an eco-friendly lifestyle. Many of the items we use daily harm the environment and disturb the delicate balance of God's creation.

The recent decision of the Kerala Legislative Assembly to ban paper cups as a step toward sustainable living is highly commendable. In this light, it is essential that all our parishes and church institutions actively promote eco-friendly habits and make the daily use of plastic-free alternatives a way of life. Since the use of plastic-coated paper cups and plates at wedding receptions and other celebrations is now prohibited, care must be taken to avoid these entirely and to choose reusable options such as glass bottles, steel tumblers, and steel plates.

The Mar Thoma Church Ecological Commission has also called for eco-friendly Christmas celebrations in all parishes and institutions. Decorations and materials used in our celebrations should be fully biodegradable. Items like plastic-wrapped bouquets, flex boards, and other materials containing plastic must be avoided. Any plastic waste generated in our parishes or institutions should not be discarded irresponsibly; instead, it must be handed over to government-approved agencies for proper processing or sent for recycling.

At the same time, in an era when the availability and consumption of intoxicants are increasing at an alarming rate, the entire Church must stand united against the growing menace of substance abuse. As part of maintaining our Christian witness, all members of our Church are urged to completely abstain from the use of intoxicating substances.

By embracing these commitments, we fulfil our responsibilities to God, to our fellow human beings, and to the natural world with a true sense of stewardship.

May the grace of our Lord Jesus Christ be with you all.

Dated 11th November 2025 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**